## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2784** **13-10-2021 - ൽ മറുപടിയ്ക്ക്**

## വനഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനം സർക്കിൾ കൺസർവേറ്റർമാർ നൽകിയ റിപ്പോർട്ട് പ്രകാരം സ്വാഭാവിക വനമേഖല ഇല്ലാത്ത ആലപ്പുഴ ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കൈവശക്കാരുടെ പട്ടിക തയ്യാറാക്കുന്നത് റവന്യൂ വകുപ്പാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലയിലെ സംയുക്ത പരിശോധന പട്ടിക സമ്പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ ജില്ലാ കളക്ടർ PARIVESH ONLINE PORTAL മുഖേന അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ ജില്ലാ കളക്ടർമാർ യഥാവിധി പട്ടിക തയ്യാറാക്കി PARIVESH ONLINE PORTAL മുഖേന അപ് ലോഡ് ചെയ്തിട്ടില്ല. |
| (ബി) | ഇപ്രകാരം തയ്യാറാക്കിയ പട്ടിക കേന്ദ്രാനുമതിക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ; | (ബി) | പത്തനംതിട്ട ജില്ലയിലെ 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറിയവരുടെ സംയുക്ത പരിശോധനലിസ്റ്റ് 1980 ലെ കേന്ദ്ര വനസംരക്ഷണ നിയമം അനുസരിച്ച് കേന്ദ്രാനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ടി പ്രോപ്പോസലിൽ 6362 കുടുംബങ്ങൾ സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരം ഉൾപ്പെടുന്നതും മൊത്തമായി 1970.04 ഹെക്ടർ വനഭൂമി ഉൾപ്പെട്ടു വരുന്നതും നിലവിൽ കേന്ദ്രാനുമതി ലഭ്യമായിട്ടില്ലാത്തതുമാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയസംഘം 15.09.2021, 16.09.2021 തീയതികളിലായി ഈ കയ്യേറ്റ പ്രദേശങ്ങൾ പരിശോധിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ടി പ്രൊപ്പോസലിന്മേലുള്ള നടപടികൾ ത്വരിത ഗതിയിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. മറ്റ് ജില്ലകളിലെ ജില്ലാ കളക്ടർമാർ യഥാവിധി അപേക്ഷകൾ നാളിതുവരെ സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | 01.01.1977ന് മുമ്പ് വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; അർഹതപ്പെടാത്തവർ പട്ടയ ലിസ്റ്റിൽ കടന്നുകൂടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പുരോഗമിക്കുന്നു. അർഹതപ്പെടാത്തവർ പട്ടയ ലിസ്റ്റിൽ കടന്നുകൂടിയെന്ന ആക്ഷേപം ചിലയിടങ്ങളിൽ ഉയർന്ന് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് തുടർ നടപടികൾ എടുത്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ